She is a bookworm and a bubbling butterfly at the same time! Her love for books and letters can be seen from the various volumes stacked in her house. A poet at heart who spreads cheer on all around her, she is none other than..

Madhavi V K
State Bank of India
Commercial Branch, Thiruvananthapuram

Madhavi was born and raised in Jagathy, Thiruvananthapuram. Her father, Sri. T K Krishnachandran Nair, has retired from the Centre for Earth Science Studies(CESS). Her mother, Smt. Valsala B, is a home maker, and her younger brother Murali Sankar V K is working as a teacher in the Bharatiya Vidya Bhavan. Her sister-in-law, Smt. Parvathi and her little nephew Mahadev M Sankar who is just 2 years old, make the house lively. Her husband, Sri. Ramvivek M S, also belongs to Thiruvananthapuram. He is a hotelier presently working at The Klov in Thirunelli, Wayanad. Her mother-in-law, Smt. Sreekumari V is a Malayalam Professor who got retired from the NSS College, Karamana. Her father-in-law, Sri. (Late) Muraleedharan Nair S had retired from the CRPF.

She studied at the Carmel Girls High School till the 10th grade and then at the Cottonhill school till her 12th grade. After that she did her graduation(BCom) from the NSS college for women, Karamana and post graduation(MCom) from the Govt Arts college.

While at school and college, she paid attention to her studies, and had always come out with flying colors. She once participated in a Tableau for the Youth Festival in her 10th grade.

During the first year of her graduation, she grabbed the first prize in English short story, and participated in the Youth Festival representing her college. She won the first prize in the English poetry writing during the first year and second year at the college. But since the item was not there in next level competition, she couldn’t represent her college.

It was then that she realized she had a flair to write poetry in English. The funny part is that her parents didn’t have any inkling of her prowess in the language or that she wrote poems or that she won these prizes! It was only when her poem was published in the college magazine during her post graduation that her talents were revealed before her family.

She loved to dance from a young age and was supported for that by all at home. She performed cinematic dance at various stages including for residents association programs, during her school years. But she never had a proper training in dance.

Madhavi joined RMS postal department as a sorting assistant in December 2007, but left the job when in February 2008 she got selected in SBI as a Customer relations associate and worked at the Pattom branch. In 2010, she resigned to join SBT as a Probationary Officer. She was posted in the Kesavadasapuram, Kattakada, Coimbatore and Santinagar branches of the bank during the PO training time, after which she joined the Vattiyurkavu branch as AM (Accounts). From there, she was transferred on promotion to Kumarapuram branch as the Branch Manager. After that she moved from Thiruvankulam to Tripunithura to

Ernakulam main branch and then joined the Trade Finance Central Processing Centre, Ernakulam. At present, she is working as Deputy Branch Manager(scale 4) in Commercial branch, Trivandrum.

She loves reading and that definitely is her main hobby. She was introduced to the world of letters by her grandparents. Her grandmother used to read to her 'Marthandavarma' as a kid, and her
grandfather gave her a Perry Mason as she grew older. She loves to read mainly short stories and novels in both English and Malayalam, and makes it a point to devote minimum half an hour daily to reading.

She has won the first and second prizes for English poetry writing competitions held in SBI and her poems were published in the Keralam magazine(in-house magazine of the bank). Though she has written short stories too, her area of expertise is still poetry.

As already mentioned, Madhavi loves to dance too, and never shies away from a chance to perform. She was part of the Thiruvathira team from Ernakulam in the bank's sargotsavam program. She is grateful as she mentions how supportive her in-laws are in all her endeavors, be it writing or dancing. She is planning to learn classical dance and both her mother-in-law and her husband are her strong pillars of support for it.

Madhavi is brilliant, loquacious and a great friend to many, and this is evident from the large friend circle she has developed in our TB group. She has a knack to spread cheer wherever she goes. Though I considered myself her friend from long back, I recognized these traits only when I met her during our third TB Meet at Kollam. Her language skills and love for books drew her to be part of our literary panel. She has already contributed many book reviews that are greatly engaging the reader, and prompting him/her to buying the book. She has also mesmerized us all through her performances in various online events held by our group like the Padathaalam, Poothalam and ente kavitha. Yes.. the best was saved to be mentioned last… she stunned the entire audience during the fourth TB meet, along with her fellow butterflies, with her scintillating dance performance.

We, the Talented Bankers team, look forward to reading more of her poems and watching her performances and take this opportunity to wish her all the very best in the coming years.

-----------------------------------------------------------------------------------------------

Original Article: Arya Gayathry , State Bank of India, RBO, Pathanamthitta

മലയാളം പരിഭാഷ : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

ശലഭമായി പാറിനടന്നും പുസ്തകത്താളുകളിലഭിരമിച്ചും ഒരു കൂട്ടുകാരി. ഗ്രന്ഥങ്ങളുടെ മഹാശേഖരം കൊണ്ട് വിസ്മയിപ്പിക്കുന്ന വായനക്കാരി. കവിതകളെഴുതിഹർഷോന്മേഷം വാരിവിതറുന്ന സാഹിത്യസപര്യയും സ്വായത്തമാക്കിയ ബാങ്കർ.
പുതു ദളം വിടരുന്നു.

ടീബി കൂട്ടായ്മയുടെ ആരംഭം മുതൽ നമ്മോടൊപ്പമുള്ള,

മാധവി വി. കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കമേഴ്ഷ്യൽ ബ്രാഞ്ച്,
തിരുവനന്തപുരം.

അനന്തപുരിയിലെ ജഗതിയിൽ ശ്രീ ടി.കെ.കൃഷ്ണചന്ദ്രൻ നായർ- ശ്രീമതി ബി. വത്സല ദമ്പതികളുടെ മകൾ. പിതാവ്, സെന്ററർ ഫോർ എർത്ത് സയൻസി (സെസ്)ൽ നിന്നു വിരമിച്ചു.മാതാവ് ഗൃഹഭരണവും. ഇളയ സഹോദരൻ ശ്രീ വി.കെ. മുരളി ശങ്കർ ഭാരതീയ വിദ്യാഭവനിൽ അദ്ധ്യാപകൻ. മുരളീ ശങ്കറും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി പാർവതിയും അവരുടെ രണ്ടുവയസ്സുകാരൻ മഹാദേവ് ശങ്കറും കൂടെ ചേർന്നുള്ള ജഗതിയിലെ ഉല്ലാസ്സഭരിതമായ ഭവനം.

ജീവിതപങ്കാളി, തിരുവനന്തപുരത്തു നിന്നുള്ള ശ്രീ എം.എസ്. റാംവിവേക്, വയനാട് തിരുനെല്ലിയിൽ 'ദി ക്ലോവ്' എന്ന ഹോട്ടൽ സംരംഭത്തിൽ പ്രവർത്തിക്കുന്നു.
റാം വിവേകിന്റെ മാതാവ്, തിരുവനന്തപുരം കരമന എൻ.എസ്. എസ്. വിമൻസ് കോളേജിൽ നിന്ന് മലയാളം പ്രൊഫസർ ആയി വിരമിച്ച ശ്രീമതി വി. ശ്രീകുമാരിയും മാധവിയുടെ സാഹിത്യസപര്യയിൽ നറുവെളിച്ചമേകുന്നു. (രാംവിവേകിന്റെ പിതാവ് പരേതനായ എസ്.മുരളീധരൻ നായർ CRPF ൽ സേവനമനുഷ്ഠിച്ചിരുന്നു)

പത്താം ക്ലാസ് വരെ തിരുവനന്തപുരം കാർമൽ ഗേൾസ് ഹൈസ്‌ക്കുളിലും പ്ലസ് ടൂവിന് കോട്ടൺ ഹിൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലും പഠനം.
കരമന എൻ. എസ്. എസ്.വിമൻസ് കോളേജിൽ നിന്ന് ബി. കോം ബിരുദവും ഗവണ്മെന്റ് ആർട്ട്സ് കോളേജിൽ നിന്ന് മാസ്റ്റർ ബിരുദവും (എം.കോം) നേടി.
പഠനത്തിലെ ശ്രദ്ധയോടൊപ്പം, ഇംഗ്ലീഷ് കഥാരചന, കവിതാരചന എന്നിവയിലും മികവു തെളിയിച്ചു. ബിരുദപഠനം ആദ്യവർഷത്തിൽ ഇംഗ്ലീഷ് കഥാരചനയിലെ ഒന്നാംസ്ഥാനത്തോടെ കോളേജിനെ പ്രതിനിധീകരിച്ച് യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവലിൽ പങ്കെടുത്തു.

കോളേജ് തലത്തിലെ ഇംഗ്ലീഷ് കവിത രചനാമത്സരത്തിലും ആദ്യരണ്ടു വർഷങ്ങളിൽ ഒന്നാംസ്ഥാനം നേടി.
ഇംഗ്ലീഷ് കവിത രചനാപാടവം സ്വയം തിരിച്ചറിയുകയായിരുന്നു.
കവിതകളെഴുതുന്ന കാര്യവും ഇംഗ്ലീഷ് ഭാഷാസ്വാധീനവും സമ്മാനനേട്ടങ്ങളുമൊക്കെ തന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളുമറിയുന്നത് ആർട്ട്സ് കോളേജിലെ പോസ്റ്റ് ഗ്രാഡ്വേഷൻ പഠനകാലത്തെ കോളേജ് മാഗസീനിൽ നിന്നാണെന്ന രഹസ്യവും തമാശരൂപേണ മാധവി പങ്കുവെയ്ക്കുന്നു.

നൃത്തത്തോടുള്ള താല്പര്യം ചെറുപ്രായത്തിലേ കൈവന്നു. സിനിമാറ്റിക് ഡാൻസിലെ മികവുമായി അയൽപക്കങ്ങളിലെ ഉത്സവങ്ങളിലും റസിഡൻസ് അസോസിയേഷൻ സ്റ്റേജുകളിലും താരമാവുകയും ചെയ്ത കാര്യവും മാധവിയുടെ ഓർമ്മകളിൽ നിറയുന്നു.

കുടുംബാംഗങ്ങളേവരും പ്രോത്സാഹനവും നല്കിയിരുന്നു. പക്ഷെ ശാസ്ത്രീയ നൃത്തപഠനം സാദ്ധ്യമാകാതെ പോയി.

ഇന്ത്യൻ പോസ്റ്റൽ സർവീസിൽ സോർട്ടിംഗ് അസിസ്റ്റന്റായി 2007 ൽ ആദ്യജോലി ലഭിച്ചു.

2008 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ കസ്റ്റമർ റിലേഷൻസ് അസിസ്റ്റന്റായി നിയമനം ലഭിക്കുകയും പോസ്റ്റൽ സർവീസ് വിടുകയും ചെയ്തു. SBI പട്ടം ബ്രാഞ്ചിലായിരുന്നു ആദ്യനിയമനം.
2010 വരെ അവിടെ തുടുരുമ്പോൾ
സ്റ്റേറ്റ് ബാങ്ക് പി. ഒ റിക്രൂട്ട്മെന്റ് ടെസ്റ്റിലൂടെ SBT യിൽ പ്രൊബേഷണറി ഓഫീസറായി നിയമനം ലഭിക്കുകയായിരുന്നു.
വിവിധ ബാഞ്ചുകളിലെ ട്രെയിനിംഗിനു ശേഷം, വട്ടിയൂർക്കാവ്, കുമാരപുരം (BM), തിരുവാങ്കുളം, തൃപ്പൂണിത്തുറ, എറണാകുളം മെയിൻ, എറണാകുളം (TFCPC) എന്നിവിടങ്ങളിൽ വ്യത്യസ്ത ഗ്രേഡുകളിൽ തുടർന്നു. സീനിയർ മാനേജർ സ്കെയിൽ ഫോർ പ്രൊമോഷനോടു കൂടി ഇപ്പോൾ SBI തിരുവനന്തപുരം കമേഴ്ഷ്യൽ ബ്രാഞ്ചിൽ ഡെപ്യൂട്ടി ബ്രാഞ്ച് മാനേജരായി പ്രവർത്തിക്കുന്നു.

പുസ്തകലോകത്തേക്ക് തനിക്ക് വാതായനങ്ങൾ തുറന്നിട്ടിരുന്നു, വീട്ടിൽ. ''മാർത്താണ്ഡവർമ്മ'' വായിച്ചു തന്നു അമ്മുമ്മ. പെരിമേസൺ പുസ്തകം നല്കി അപ്പുപ്പനും വായനയുടെ ലോകം കാട്ടിത്തന്നു.

വൈവിദ്യമായ വായനക്കുവേണ്ടി ഇപ്പോഴും എല്ലാദിവസവും സമയം കണ്ടെത്തുകയും ചെയ്യുന്നു.

SBI പോയട്രി രചനാമത്സരങ്ങളിൽ സമ്മാനിതയാവുകയും ബാങ്കിന്റെ ഇൻ ഹൗസ് മാഗസിനി- 'കേരളം'- ൽ രചനകൾ പ്രകാശിതമാവുകയും

ചെയ്തു.
കഥകൾ എഴുതുന്നു, എങ്കിലും കവിതയോടുള്ള താത്പര്യമാണ് മുന്നിൽ..

ചെറുപ്രായത്തിൽ തുടങ്ങിയ നൃത്താഭിമുഖ്യം നിലനിറുത്തുവാനും നിമിഷനേരം കൊണ്ട് സ്റ്റേജു കീഴടക്കുവാനും കഴിയുന്ന വൈഭവം പ്രശംസനീയമാണ്. ബാങ്കിന്റെ 'സർഗോത്സവ' വേദികളിലും സംഘനൃത്തങ്ങളിൽ ഭാഗഭാക്കായി.

നൃത്താഭിമുഖ്യവും സാഹിത്യാഭിരുചിയും നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും റാംവിവേകും അമ്മയും ഏറെ സഹായിക്കുന്നു.

ഗ്രന്ഥങ്ങളുടെ വിപുലമായ ശേഖരം കൊണ്ട് സമ്പന്നമായ ഭവനം.
നൃത്തത്തിൽ ശാസ്ത്രീയ പഠനത്തിനുള്ള ശ്രമത്തിലാണിപ്പോൾ.

പുസ്തകലോകത്തെപ്പറ്റി പറയുവാനും പുതുപുസ്തകങ്ങളെ പരിചയപ്പെടുത്തുവാനും എപ്പോഴും ഉത്സാഹഭരിതയാണ്, മാധവി.
നമ്മുടെ ടീ ബി ഗ്രൂപ്പിന്റെ ലിറ്ററി ഫോറം വഴി ബുക്ക് റിവ്യൂകളുടെ ഒരു ശൃംഖല തന്നെ സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു, ഇതിനകം.
ഏവരേയും വായനയിലേക്ക് അടുപ്പിക്കുവാനുള്ള പ്രേരണയുമായി മാധവി സ്തുത്യർഹമായ സംഘബോധവും പ്രകടിപ്പിക്കുന്നു.

അതുകൊണ്ടു തന്നെ ടീ ബി കൂട്ടായ്മയുടെ ലിറ്ററി ഫോറത്തിൽ ഒരു വലിയ സുഹൃത് വലയത്തിനുടമയുമാകുന്നു.

കോവിഡ് കാലത്തെ ഓൺലൈൻ പരിപാടികളിലെ - 'പദതാളം' 'പൂത്താലം' 'എന്റെ കവിത'- എന്നിവയിൽ പ്രസാദമധുരിമയാർന്ന സാന്നിദ്ധ്യമായിരുന്നു.

കോഴിക്കോട് നടന്ന ടീ ബിയുടെ ''നാലാം മീറ്റി''ൽ തന്റെ കൂട്ടുകാരായ ''ബട്ടർഫ്ലൈസ്'' ടീമിനോടൊത്തുള്ള നൃത്തം അവിസ്മരണീയ നിമിഷങ്ങളൊരുക്കുകയും ചെയ്തു.

സാഹിതീസപര്യയിലും ശാസ്ത്രീയ നൃത്തരൂപങ്ങളിലും പുതുതരംഗങ്ങൾ സൃഷ്ടിക്കുവാൻ അവസരങ്ങളേറെയുണ്ടാവട്ടെ.

മാധവിക്കും കുടുംബാംഗങ്ങൾക്കും
ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്